പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2112 — 13.06.2019 ൽ മറുപടിക്ക്

## ജില്ലാആശുപത്രിയായി ഉയർത്തിയ മാവേലിക്കര താലൂക്ക് ആശുപത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) മാവേലിക്കര താലൂക്ക് ആശുപത്രി ജില്ലാആശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ജില്ലാ ആശുപത്രി നിലവാരത്തിന് അനുസൃതമായ തസ്തികകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (എ) & (ബി) | നിലവിൽ ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലേയും ഓരോ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി സമഗ്ര വികസനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാതല ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത് ജനറൽ ആശുപത്രി, ആലപ്പുഴ ആണ്. ആർദ്രം പദ്ധതിയിൽ മാവേലിക്കര ഗവ. ആശുപത്രി താലൂക്ക്തല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവിടെ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ദന്തൽ മെക്കാനിക്ക് -1<br>2. സ്റ്റാഫ് നേഴ്സ് -2(പി.എച്ച്.സി നൂറനാട് നിന്നും റീ ഡിപ്ലോയ്മെന്റ് മുഖേന നിയമിച്ചത് )<br>3. അസിസ്റ്റന്റ് സർജൻ-4<br>4. സ്റ്റാഫ് നേഴ്സ് -10<br>5. ഫാർമസിസ്റ്റ് ഗ്രേഡ് 2-1<br>6. ഡന്റൽ സർജൻ -1<br>7. ലാബ് ടെക്നീഷ്യൻ -1<br>ഗ്യാപ് അനാലിസിസ് നടത്തി തസ്തികകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അർഹമെന്നു കാണുകയാണെങ്കിൽ മാവേലിക്കര താലൂക്ക് ആശുപത്രിയിലും തസ്തിക പുനഃക്രമീകരണത്തിലൂടെ അധിക സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ